## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4533 22.07.2015 ന് മറുപടിയ്ക്ക്

## വനങ്ങളിൽ സംസ്ഥാനാതിർത്തി നിർണ്ണയം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. രാജു എബ്രഹാം** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) കേരള സംസ്ഥാനവുമായി അതിരു പങ്കിടുന്ന തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുടെ അതിർത്തി മേഖലകളിലെ വനങ്ങളിൽ സംസ്ഥാനാതിർത്തി കൃത്യമായി വേർതിരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) കേരള സംസ്ഥാനവുമായി അതിരു പങ്കിടുന്ന തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുടെ അതിർത്തി മേഖലകളിൽ എല്ലാ സ്ഥലത്തും പില്ലർ, ഫയർലൈൻ എന്നിവ സ്ഥാപിച്ച് വേർതിരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ മണ്ടക്കോൽ റിസർവ്വിൽ ഉദ്ദേശം 5 കി.മീ. ദൂരം മാത്രം അതിർത്തി നിർണയം നടന്നിട്ടില്ല. ടി സ്ഥലത്തെ അതിർത്തി നിർണ്ണയിക്കുന്നതിനുവേണ്ടി ബ്രിട്ടീഷ് ഭരണ കാലത്തെ സർവ്വെരേഖകൾ ലഭ്യമാക്കുവാൻ കർണ്ണാടക വനം വകുപ്പ് ഓഫീസുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഇരു സംസ്ഥാനങ്ങളുടേയും ഭാഗത്തു നിന്ന് ഇത്തരത്തിൽ വനാതിർത്തികളിലെ അതിരു കല്ലുകൾ മാറ്റി സ്ഥാപിച്ചതുവഴി ആയിരക്കണക്കിന് ഏക്കർ സ്ഥലം നഷ്ടമായതായി വന്ന പത്ര വാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച നിജസ്ഥിതി ബോദ്ധ്യപ്പെടാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) ഉണ്ട്. കേരള കർണ്ണാടക അതിർത്തി പ്രദേശങ്ങളിൽ വനഭൂമി കൈയ്യേറ്റം നടക്കുന്നുവെന്ന പത്രറിപ്പോർട്ടിന്റെ വെളിച്ചത്തിൽ സർക്കാർ, 13-04-2015-ലെ സ.ഉ (സാധാ) നം.164/2015/വനം പ്രകാരം സംയുക്ത പരിശോധന ടീമിനെ രൂപീകരിച്ചുകൊണ്ട് ഉത്തരവിറക്കി. പരിശോധനയിൽ കേരള വനം വകുപ്പിന്റെ ഭൂമിയിൽ കൈയ്യേറ്റം നടന്നിട്ടില്ലായെന്ന് വ്യക്തമായിട്ടുണ്ട്. റവന്യൂ ഭൂമിയിൽ കൈയ്യേറ്റം നടന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. കർണ്ണാടക വനം വകുപ്പ് ബ്രഹ്മഗിരി വന്യജീവി സങ്കേതം അധികൃതർ കേരള കർണ്ണാടക അതിർത്തിയിൽ കുട്ടുപുഴപാലം മുതൽ കച്ചേരിക്കടവ് മുടിക്കയം ഭാഗം വരെ 58 കോൺക്രീറ്റ് പില്ലറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇങ്ങനെ സ്ഥാപിച്ച 58 പില്ലറുകളിൽ 30 പില്ലറുകൾ |

.......2

പരിശോധിച്ചതിൽ 10 ഓളം പില്ലറുകൾ അന്തർസംസ്ഥാന അതിർത്തിയിൽ നിന്നും കേരള സംസ്ഥാനത്തിന്റെ റവന്യൂ കൈവശ സ്ഥലത്തേയ്ക്ക് 2 മുതൽ 7 മീറ്റർ അകത്തായും, കൂട്ടുപുഴ മാക്കൂട്ടം റോഡിന്റെ വലതു വശത്തായി റോഡിനും പുഴയ്ക്കും ഇടയിലുള്ള സ്ഥലങ്ങളിൽ കൂട്ടതലായും, കർണ്ണാടക സംസ്ഥാന അതിർത്തി കഴിഞ്ഞ് കേരളത്തിന്റെ റവന്യൂ പുറമ്പോക്ക് സ്ഥലങ്ങളിൽ പ്രധാനമായും പില്ലറുകൾ കയറ്റി സ്ഥാപിച്ചിട്ടുണ്ടെന്നും, കർണ്ണാടക വനം വകുപ്പ് അധികൃതർ അന്തർ സംസ്ഥാന അതിർത്തിയിൽ കോൺക്രീറ്റ് പില്ലറുകൾ സ്ഥാനം മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്നും, ഇതുവരെ പൂർണ്ണമായി സർവ്വേ നടപടികൾ നടത്തിയിട്ടില്ലെന്നും, ആങ്കിൾ മെഷർമെന്റ് കൃത്യമാണോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്തിയാൽ മാത്രമെ യഥാർത്ഥത്തിൽ എത്രമാത്രം ഭൂമി കൈയ്യേറിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടാൻ സാധിക്കുകയുള്ളുവെന്നും കണ്ടെത്തിയിട്ടുണ്ട്.

(സി) സംസ്ഥാനാതിർത്തിയിലെ വനമേഖലകളിൽ കൃത്യമായി അതിർത്തി സ്ഥാപിക്കുന്നതിനും പ്രസ്തുത കൈയ്യേറ്റ ശ്രമങ്ങളെ തടയുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അന്തർ സംസ്ഥാന വനാതിർത്തിയിൽ എല്ലാ സ്ഥലത്തും പില്ലർ, ഫയർലൈൻ എന്നിവ സ്ഥാപിച്ച് വേർതിരിച്ചിട്ടുണ്ട്. ഇവ ഇല്ലാത്തിടത്ത് സർവ്വെ ചെയ്ത് നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ കൈയ്യേറ്റങ്ങൾ കണ്ടുപിടിക്കാൻ ജാഗ്രത പുലർത്താൻ സ്റ്റാഫിന് നിർദ്ദേശവും നൽകിയിട്ടുണ്ട്.

Ajith [signature]

സെക്ഷൻ ഓഫീസർ